APPOINTMENT OF TEACHERS

***1149.** [2] **Sri. D. Gnanasigamoni :** Will the Hon'ble Minister for Education be pleased to state.—

(*a*) the number of managers of Secondary Schools who have applied to Government for appointment of teachers under the new scheme; and

(*b*) whether such appointments are made?

Minister for Food, Education and Labour **(Sri. T. K. Narayana Pillai) :**

(*a*) None, so far. Managers are not expected to apply to Government for the appointment of teachers.

(*b*) In view of the answer to part (*a*), this question does not arise.

കമ്മ്യൂണിസ്റ്റ് തടവുകാർ

*൨൨൪൦. †(൩) ശ്രീ. കണ്ണാറ ഗോപാലപണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ൧൯൪൦ നവംബർ ൧൩-നശേഷം കമ്മ്യൂണിസ്റ്റ് തടവുകാരിൽ ആരെയെങ്കിലും ജയിലിൽനിന്നും മോചിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരെയെല്ലാം; എന്ന വ്യവസ്ഥയിന്മേൽ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ) : ഈ ചോദ്യം സംബന്ധിച്ച വിവരങ്ങൾ ചോദിച്ചിട്ട് പോലീസ് കമ്മീഷണർ സ്ഥലത്തില്ലാതിരുന്നതുകൊണ്ട് കിട്ടിയിട്ടില്ല. കമ്മീഷണർ ഇൻഡ്യൻ പ്രസിഡണ്ടിനോടുകൂടെ പോയിരിക്കുകയാണ്. അതുകൊണ്ടാണ് മുഴുവൻ വിവരങ്ങളും കിട്ടാഞ്ഞത്. കിട്ടിയിടത്തോളം വിവരംവച്ച് മറുപടി പറയുന്നതു് ശരിയായിരിക്കുകയില്ല. അതുകൊണ്ട് മുഴുവൻ വിവരവും കിട്ടിയശേഷം മറുപടി പറയുകയായിരിക്കും ഉത്തമം എന്നു ഞാൻ വിചാരിക്കുന്നു.

ശ്രീ. എം. കെ. പാച്ചുപിള്ള : ജയിലിനെക്കുറിച്ചുള്ളതാണ് ചോദ്യം. ജയിലിൽനിന്ന് ആരെയെല്ലാം മോചിപ്പിച്ചു എന്ന വിവരം അറിയുന്നതിനു പോലീസ് കമ്മിഷണർ വേണ്ടെല്ലോ?

Sri. C. Kesavan : Instructions were given to the Inspector-General of Police to report to Government giving the information. His report has not yet been received. That is the real state of affairs. The member can put any interpretation on it.

കമ്മ്യൂണിസ്റ്റ് പ്രവർത്തകർ

*൨൨൪൫. †(൪) ശ്രീ. കണ്ണാറ ഗോപാലപണിക്കർ : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

൧൯൪൦ നവംബർ ൧൩-നശേഷം കമ്മ്യൂണിസ്റ്റ് പ്രവർത്തകരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ; ആരെയെല്ലാം?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ) : ഇതും അതുപോലെ വിവരങ്ങൾ കിട്ടുവാനുള്ളതാണ്. അസംബ്ലി തീരുന്നതിനുമുമ്പ് കിട്ടുകയാണെങ്കിൽ അതിവിടെ സമർപ്പിക്കുന്നതാണ്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : കമ്മ്യൂണിസ്റ്റ് പ്രവർത്തനത്തിൽ ഇടപെട്ടിട്ടുള്ള എത്രപേരുടെ പേരിൽ കേസെടുത്തിട്ടുണ്ട്?

ശ്രീ. സി. കേശവൻ : വിവരങ്ങൾ കിട്ടിയിട്ടില്ല എന്നു ഞാൻ പറഞ്ഞുവല്ലോ. അതു് കിട്ടിയിരുന്നുവെങ്കിൽ എത്രപേർ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ

†Answers to question Nos. (3) and (4) were subsequently laid on the Table on 3rd April 1951.

LIBRARY ARCHIVES Kerala Legislative Assembly